# കേരളം ദേശീയ ചാമ്പ്യന്മാർ



എസ്.ഐ.ഒ ദേശീയ ഫുട്ബാൾ മത്സരത്തിലെ വിജയികളായ കേരള ടീം ട്രോഫിയുമായി

**എസ്.ഐ.ഒവിന്റെ** ചരിത്രത്തിലാദ്യമായി പ്രവർത്തകർക്കായി ദേശീയതലത്തിൽ സംഘടിപ്പിച്ച ഫുട്ബോൾ മത്സരത്തിൽ കേരളം ചാമ്പ്യന്മാരായി. രണ്ട് ഗ്രൂപ്പുകളിലായി എട്ട് ടീമുകൾ മാറ്റുരച്ച ആവേശകരമായ മത്സരത്തിൽ കരുത്തരായ പശ്ചിമ ബംഗാളിനെ പെനാൽറ്റി ഷൂട്ടൗട്ടിൽ തോൽപ്പിച്ചാണ് മലയാളികൾ 'റിഫോർമേഷൻ കപ്പ്' ഉയർത്തിയത്. ഗോൾരഹിത സമനിലയിൽ അവസാനിച്ച മത്സരം പെനാൽറ്റി ഷൂട്ടൗട്ടിലും 4–4ന് തുല്യത പാലിച്ചപ്പോൾ സഡൻ ഡത്തിലാണ് കേരളം വിജയിച്ചത്. കേരള ക്യാപ്റ്റൻ കെ.ബി മുഹമ്മദ് ടോപ് സ്കോറർ, പ്ലയർ ഓഫ് ദ ടൂർണമെന്റ് അവാർഡുകൾ കരസ്ഥമാക്കി. നേരത്തെ ഗ്രൂപ്പ് മത്സരങ്ങളിൽ കേരളം ഗോവയെ 2–0 നും റെസ്റ്റ് ഓഫ് ഇന്ത്യയെ 5–0 നും രാജസ്ഥാനെ 4–1 നും പരാജയപ്പെടുത്തിയിരുന്നു. പശ്ചിമ ബംഗാൾ ഗ്രൂപ്പ് മത്സരങ്ങളിൽ തമിഴ്നാടിനെ 3–0 നും കർണാടകയെ 4–0 നും തോൽപിച്ചു. ബീഹാറുമായി സമനില പാലിച്ചു. സെമി ഫൈനലിൽ ബംഗാളും റെസ്റ്റ് ഓഫ് ഇന്ത്യയും സമനില (1–1) പാലിച്ചപ്പോൾ പെനാൽറ്റി ഷൂട്ടൗട്ടിൽ ബംഗാൾ വിജയം (2–0) കണ്ടെത്തി. കേരള–ബീഹാർ സെമിയും ഗോൾ രഹിത സമനിലയിലാണ് അവസാനിച്ചത്. ഷൂട്ടൗട്ടിൽ കേരളം (4–1) വിജയിച്ചു.

സമാപന പരിപാടിയിൽ നേതാജി ചെല്ലപ്പ മെമ്മോറിയൽ ഹോസ്പിറ്റൽ ഡയറക്ടർ എ. പ്രഭാകർ ദാസ് മുഖ്യാതിഥിയായിരുന്നു. എസ്.ഐ.ഒ മുൻ ദേശീയ പ്രസിഡന്റ് കെ.കെ സുഹൈൽ, ദക്ഷിണ കനറ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് ഡി.എം അസ്‌ലം തുടങ്ങിയവർ സംബന്ധിച്ചു. ■

## ബി.എം.ടി.സിയിലെ മുസ്‌ലിം തൊഴിലാളികൾക്ക് യൂനിയൻ



**ബാംഗ്ലൂർ** മെട്രോപൊളിറ്റർ ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ 5000 വരുന്ന മുസ്‌ലിം തൊഴിലാളികൾ 'ബി.എം.ടി.സി ഓഫീസേഴ്സ് ആന്റ് എംപ്ലോയിസ് പ്രോഗ്രസീസ് വെൽഫെയർ അസോസിയേഷൻ' എന്ന പേരിൽ സംഘടിക്കുന്നു. മുസ്‌ലിം തൊഴിലാളികൾക്ക് (ഡ്രൈവർമാർ, ഡോക്ടർമാർ, മെക്കാനിക്കുകൾ) കോർപ്പറേഷന്റെ നിയമാവലികൾ പഠിപ്പിക്കുക, വിവിധ ക്ഷേമ പദ്ധതികൾ, മെഡിക്കൽ സഹായങ്ങൾ, ലീവുകൾ തുടങ്ങിയവ ലഭ്യമാക്കാൻ സഹായിക്കുക എന്നിവയാണ് അസോസിയേഷന്റെ ലക്ഷ്യം.

# തബ്‌ലീഗ് സമ്മേളനത്തിൽ 350 നികാഹുകൾ

**63–ാമത്** ലോക തബ്‌ലീഗ് സമ്മേളനം ഭോപ്പാലിൽ അവസാനിച്ചു. 350 നികാഹുകൾ സമ്മേളനത്തിൽ നടന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ പതിനായിരങ്ങൾ സമ്മേളനത്തിൽ തിങ്ങിനിറഞ്ഞു. 1400 വർഷങ്ങൾക്കു മുമ്പുള്ള മുസ്‌ലിം സമൂഹത്തേക്കാൾ വിദ്യാഭ്യാസത്തിലും ധനശക്തിയിലും ഇന്നത്തെ മുസ്‌ലിംകൾ ഏറെ മുന്നിലായിരുന്നിട്ടും അവർ പിന്നാക്കമായി തുടരുന്നത് ആത്മീയതയെ കൈവിട്ടതുകൊണ്ടാണെന്ന് ആമുഖ പ്രഭാഷണം നടത്തിയ മൗലാനാ ഷൗക്കത്ത് പറഞ്ഞു. ബുദ്ധിജീവികൾ, കച്ചവടക്കാർ, കൃഷിക്കാർ, വിദ്യാർഥികൾ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേകം സെഷനുകൾ നടന്നു. മൗലാനാ സുബൈർ, മൗലാനാ സാദ്, ഡോ. സനാ ഉല്ല, മൗലാനാ മുസ്തഖീം തുടങ്ങിയവർ സംബന്ധിച്ചു. സമ്മേളനത്തോടനുബന്ധിച്ച് എക്സിബിഷനും ഒരുക്കിയിരുന്നു.



# ആസാമിൽ ദുരിതനിവാരണ ശിൽപശാല




**വിഷൻ 2016–ന്റെ** കീഴിൽ സ്ഥാപിതമായ സൊസൈറ്റി ഫോർ ബ്രൈറ്റ് ഫ്യൂച്ചർ (എസ്.ബി.എഫ്) ആസാമിൽ ദുരിത നിവാരണ ശിൽപശാല സംഘടിപ്പിച്ചു. തേസ്പൂരിലെ അൽനൂർ മോഡൽ സ്കൂളിൽ നടന്ന ദ്വിദിന പരിപാടിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 65 വളണ്ടിയർമാർ പങ്കെടുത്തു. സിവിൽ ഡിഫൻസ് ഡിപ്പാർട്ട്മെന്റിലെ ഈപൻ കാലിത, പതക്, ഗൗതം ശർമ എന്നിവർ പരിശീലനങ്ങൾക്ക് നേതൃത്വം നൽകി. വിഷൻ 2016 മേഖലാ കോ–ഓർഡിനേറ്റർ ഡോ. ദിവാൻ നസ്റുൽ ഖാദിർ, എസ്.ബി.എഫ് കോ–ഓർഡിനേറ്റർ ആഖിൽ അഹ്മദ്, ജമാഅത്തെ ഇസ്‌ലാമി ആസാം അമീർ ഷംസ് അഹ്മദ് തുടങ്ങിയവർ സംബന്ധിച്ചു.

# നിരാഹാരം അവസാനിപ്പിച്ചു

**കൊൽക്കത്തയിലെ** പ്രശസ്ത ഇസ്‌ലാമിക കലാലയമായ ആലിയയുടെ പേരിൽ 'മദ്റസ' എന്ന് വീണ്ടും ചേർക്കണമെന്നാവശ്യപ്പെട്ട് പത്ത് വിദ്യാർഥികൾ നടത്തിയ നിരാഹാര സമരം അവസാനിപ്പിച്ചു. തൃണമൂൽ കോൺഗ്രസ് അധികാരത്തിൽ വന്നാൽ ആവശ്യം പരിഗണിക്കാമെന്ന മമതാ ബാനർജിയുടെ ഉറപ്പിനെ തുടർന്നാണ് നിരാഹാരം അവസാനിപ്പിച്ചത്. ബ്രിട്ടീഷ് കാലത്ത് സ്ഥാപിതമായ ആലിയ ഹയർ മദ്റസ ബംഗാളിലെ ഇടതു ഭരണത്തിലാണ് ആലിയ യൂനിവേഴ്സിറ്റിയാക്കിയത്. ഇതിനു ശേഷം സിലബസിൽ മതവിഷയങ്ങൾ കുറയുകയും മതേതര വിഷയങ്ങൾ വർധിക്കുകയും പൊതുവിദ്യാഭ്യാസ തുല്യതാ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിരുന്നു. മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസത്തിന് നൽകിയ സംഭാവനയായി ഇടതു സർക്കാർ ഇത് എടുത്തു കാട്ടാറുണ്ടെങ്കിലും മുസ്‌ലിം സമുദായത്തിനകത്ത് രൂക്ഷമായ എതിർപ്പിനാണ് ഇത് കാരണമാക്കിയത്. ■

# ബോർഡ് ഓഫ് ഇസ്‌ലാമിക് എജുക്കേഷൻ പരീക്ഷകൾ

**കർണാടക** ബോർഡ് ഓഫ് ഇസ്‌ലാമിക് എജുക്കേഷൻ നടത്തുന്ന ഇസ്‌ലാമിക് സ്റ്റഡീസ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷ ജനുവരി 16,23 തീയതികളിൽ നടക്കും. കർണാടക ജമാഅത്തെ ഇസ്‌ലാമിക്ക് കീഴിലാണ് ബോർഡ് പ്രവർത്തിക്കുന്നത്. നിലവിൽ ഉർദു, ഇംഗ്ലീഷ്, കന്നഡ, ഹിന്ദി ഭാഷകളിൽ ബോർഡിന്റെ കീഴിൽ വിവിധ കോഴ്സുകൾ നടന്നുകൊണ്ടിരിക്കുന്നു. ഈ വർഷം 1600 വിദ്യാർഥികൾ 385 സെന്ററുകളിലായി പരീക്ഷക്കിരിക്കുന്നുണ്ട്. ■

**അബ്ബാദ്**